ഉത്തരം

(എ)	മോഷണം	..	22,681
	ഭവനഭേദനം	..	17,519
	കവർച്ച	..	2,299
	കൊലപാതകം	..	1,647
	സ്ത്രീപീഡനം	..	20,956
(ബി)	മോഷണം	..	15,129
	ഭവനഭേദനം	..	8,445
	കവർച്ച	..	3,740
	കൊലപാതകം	..	3,631
	സ്ത്രീപീഡനം	..	27,984

(ചോദ്യംനമ്പർ 41, 42, 43 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

പോലീസ് രജിസ്റ്റർചെയ്ത പെൺവാണിഭക്കേസുകൾ

40 [44] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പെൺവാണിഭക്കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കുറ്റക്കാരെ മുഴുവൻ അറസ്റ്റ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(സി) അറസ്റ്റ്ചെയ്ത മുഴുവൻ പേരുടേയും കോടതി നടപടികൾ പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പെൺവാണിഭക്കേസുകളിൽ പലതും കോടതി നടപടികളിൽ പോലീസ് മനഃപൂർവ്വം വീഴ്ച വരുത്തുന്നതിലൂടെ, പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമുണ്ടാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കേസുകൾ പൂർണ്ണമായും പരിശോധിക്കുവാനും മേൽ നടപടികൾ ഉറപ്പുവരുത്തുവാനും തയ്യാറാകുമോ?

ഉത്തരം

(എ) എട്ട് പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) മുഴുവൻപേരേയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇല്ല. കേസുകൾ അന്വേഷണത്തിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സ്ത്രീകൾക്കെതിരായ അക്രമങ്ങൾ

41 [45] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ്മാസം മുതൽ നാളിതുവരെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊലപാതകം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീധന പീഡനം, സ്ത്രീധനപീഡനത്തെത്തുടർന്നുള്ള മരണം, ലൈംഗീക പീഡനം എന്നിങ്ങനെ കുറ്റകൃത്യങ്ങളുടെ സ്വഭാവം വേർതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരം കേസുകളിൽ എത്ര കേസുകൾ കോടതിയിൽ എത്തിച്ചിട്ടുണ്ടെന്നും എത്ര കേസുകളിൽ വിസ്താരം പൂർത്തിയാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ഈ വിധിന്യായം പുറപ്പെടുവിച്ച എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

അന്വേഷണം പൂർത്തിയാക്കിയ പെൺവാണിഭക്കേസുകൾ

42 [46] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പെൺവാണിഭസംഘങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പോലീസ് സേനയിൽ പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly